**പന്ത്രണ്ടാം കേരള നിയമസഭ**

പതിനഞ്ചാം സമ്മേളനം

**നിയമസഭാ നടപടികൾ – സംഗ്രഹം**

(ചോദ്യോത്തരങ്ങൾ ഒഴികെ)

2010 ജൂലൈ 23, വെള്ളി

നിയമസഭ രാവിലെ 8.30–ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ.കെ.രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

**ശ്രദ്ധ ക്ഷണിക്കൽ**

(1) പോലീസ് പിടിച്ചെടുത്ത വാഹനങ്ങൾ

ശ്രീ. എ.എ അസീസ് : സംസ്ഥാനത്തെ മിക്ക പോലീസ് സ്റ്റേഷനുകളുടേയും പരിസരത്ത് മണൽവേട്ടയുമായി ബന്ധപ്പെട്ടും മറ്റുപല കാരണങ്ങളാലും പോലീസ് പിടിച്ചെടുത്ത ലോറികളും മറ്റ് വാഹനങ്ങളും അനന്തര നടപടികൾ സ്വീകരിക്കാൻ വൈകുന്നതുമൂലം നശിക്കുകയാണ്. കൊല്ലം ജില്ലയിൽ കൊട്ടിയം, ചാത്തന്നൂർ, കുണ്ടറ എന്നീ പോലീസ് സ്റ്റേഷനുകളുടെ പരിസരത്ത് ഇത്തരത്തിൽ പിടിച്ചെടുത്ത വാഹനങ്ങൾ നശിച്ചുകൊണ്ടിരിക്കുകയാണ്. കൊട്ടിയം ഉൾപ്പെടെ വാടകക്കെട്ടിടത്തിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന പോലീസ് സ്റ്റേഷനുകളിൽ ആവശ്യത്തിന് സ്ഥലസൗകര്യമില്ലാത്തതിനാൽ ഇരുന്നൂറിൽപ്പരം വാഹനങ്ങൾ റോഡിന്റെ ഇരുവശങ്ങളിലായി പിടിച്ചി

ട്ടിരിക്കുന്നതിനാൽ ഗതാഗത തടസ്സം ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. ഇത്തരം വാഹനങ്ങൾ ലേലം ചെയ്യുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കണം. മണൽവേട്ടയുടെ മറവിൽ വാഹനങ്ങൾ പിടിച്ചെടുക്കുന്ന ദുരൂഹ സാഹചര്യത്തെക്കുറിച്ചും അന്വേഷിക്കണം.

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രിക്കുവേണ്ടി നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ) : സംസ്ഥാനത്ത് വിവിധ കേസ്സുകളിൽ പിടിച്ചെടുക്കുന്നതും ഉടമസ്ഥരില്ലാത്തതും മറ്റ് നിയമലംഘനങ്ങളിൽപ്പെട്ടതുമായ വാഹനങ്ങളാണ് പോലീസ് സ്റ്റേഷൻ വളപ്പിൽ സൂക്ഷിക്കുന്നത്. ഇതിൽ കേസ്സിൽപ്പെട്ട വാഹനങ്ങൾ കോടതി ഉത്തരവുപ്രകാരവും ആർ.ടി.ഒ. പിടിച്ചെടുത്ത് സ്റ്റേഷനിൽ സൂക്ഷിക്കാൻ ഏല്പിക്കുന്ന വാഹനങ്ങൾ പ്രസ്തുത ഓഫീസറുടെ തീർപ്പുപ്രകാരവും ഉടമസ്ഥർക്ക് തിരിച്ചുനൽകുകയും ഉടമസ്ഥരില്ലാത്ത വാഹനങ്ങൾ പൊതു ലേലം നടത്തി സർക്കാരിലേയ്ക്ക് മുതൽക്കൂട്ടുകയും ചെയ്യുന്നു. കേസ്സുകൾ തീർപ്പാക്കാൻ കാലതാമസം ഉണ്ടാകുന്ന സാഹചര്യത്തിൽ മതിയായ ബോണ്ടിന്മേൽ ഉടമസ്ഥർക്ക് തിരിച്ചുനൽകുന്നുണ്ട്. ഹൈക്കോടതിയുടെ ഉത്തരവിന്മേൽ വാഹന കേസ്സുകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിന് 09-06-2009-ലും 30-06-2009-ലുമായി ഡി.ജി.പി. ബന്ധപ്പെട്ട പോലീസ് ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ ഈ പ്രശ്നത്തിൽ അടിയന്തിര നടപടി സ്വീകരിക്കണമെന്ന് സുപ്രീം കോടതി നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ എല്ലാ റേഞ്ച് ഐ.ജി.മാർക്കും ജില്ലാ പോലീസ് സൂപ്രണ്ടു മാർക്കും പോലീസ് കമ്മിഷണർമാർക്കും ഡി.ജി.പി. നിർദ്ദേശം നൽകുകയും

നടപടിയുടെ പുരോഗതി പരിശോധിച്ചുവരികയുമാണ്. കോടതിയുടെ വിചാരണയിലിരിക്കുന്ന കേസ്സുകളിന്മേൽ അന്തിമവിധി പുറപ്പെടുവിച്ചതിനുശേഷം മാത്രമേ നടപടി സ്വീകരിക്കാൻ കഴിയുകയുള്ളൂ. കൊല്ലം ജില്ലയിലെ വിവിധ പോലീസ് സ്റ്റേഷനുകളിൽ സൂക്ഷിച്ചിരിക്കുന്ന വാഹനങ്ങൾ എത്രയും പെട്ടെന്ന് ഡിസ്പോസ് ചെയ്യുന്നതിന് കൊല്ലം ജില്ലാ പോലീസ് സൂപ്രണ്ടിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(2) ഫോട്ടോ പതിച്ച റേഷൻ കാർഡ് വിതരണം

ശ്രീ. എ.പി. അബ്ദുള്ളക്കുട്ടി: സംസ്ഥാനത്ത് ഫോട്ടോ പതിച്ച റേഷൻ കാർഡ് വിതരണം ചെയ്യുന്നതിനും വിതരണം ചെയ്ത കാർഡിലെ അപാകതകൾ പരിഹരിക്കുന്നതിനും നടപടി സ്വീകരിക്കണം. പഴയ കാർഡ് നിർത്തലാക്കുകയും പുതിയവ പലർക്കും കിട്ടാതിരിക്കുകയും കിട്ടിയ കാർഡിൽ ധാരാളം പിശകുകൾ ഉണ്ടാകുകയും ചെയ്തിരിക്കുന്നതിനാൽ വൈദ്യുതി, വെള്ളം, ടെലിഫോൺ എന്നിവയുടെ കണക്ഷന് അപേക്ഷിക്കുന്നതിനും വിവിധ ആനുകൂല്യങ്ങൾക്ക് ഉപയോഗിക്കുന്നതിനും സാധിക്കുന്നില്ല. റേഷൻകാർഡ് വിതരണം സി-ഡിറ്റിനെ ഏൽപ്പിച്ച നടപടി പരിതാപകരമാണ്. ദിവസം 40 പേർക്ക് വീതം കാർഡ് വിതരണം നടത്തിയാൽ ഇനിയുള്ള 10 ലക്ഷം കുടുംബങ്ങൾക്ക് കാർഡ് ലഭിക്കാൻ മാസങ്ങൾ വേണ്ടിവരും. അതുകൊണ്ട് പുതിയ റേഷൻകാർഡുകൾക്ക് എത്രയും പെട്ടെന്ന് അപേക്ഷ സ്വീകരിക്കുന്നതിനും വിതരണം ചെയ്ത കാർഡുകളിലെ തെറ്റുകൾ തിരുത്തിക്കൊടുക്കുന്നതിനും അടിയന്തിര നടപടി സ്വീകരിക്കണം.

ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. സി. ദിവാകരൻ) : റേഷൻകാർഡ് വിതരണത്തിൽ വന്നിട്ടുള്ള ഭരണപരമായ

കാലതാമസം വളരെവേഗം പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചുകഴിഞ്ഞു. 68 ലക്ഷം ഫോട്ടോ പതിച്ച കാർഡുകൾ ഇതിനകം വിതരണം ചെയ്തു. നിലവിലുള്ള കാർഡുകൾ വിഭജിച്ച് നൽകുന്നതിനും പുതിയ വീടുവച്ച് താമസിക്കുന്നവർക്ക് റേഷൻകാർഡ് ലഭ്യമാക്കുന്നതിനും ആവശ്യമായ രേഖകൾ പരിശോധിക്കുന്ന കാലതാമസം മാത്രമാണ് വന്നിട്ടുള്ളത്. നില വിലുള്ള കാർഡുകൾ മുഴുവൻ 30-1-2010-ന് പൂർത്തിയാക്കി കൊടുത്തി ട്ടുണ്ട്. പുതിയ റേഷൻകാർഡുകൾക്കായി ലഭ്യമായ 685902 അപേക്ഷകൾ പരിശോധിച്ച് സമയബന്ധിതമായി വിതരണം ചെയ്യുന്നതിന് സി-ഡിറ്റുമായി കരാറുണ്ടാക്കി താലൂക്ക് സപ്ലൈ ഓഫീസിൽ വച്ച് കാർഡ് വിതരണം ചെയ്യുന്നുണ്ട്. അനിയന്ത്രിതമായ തോതിൽ പഴയ കാർഡ് വിഭജനം വന്നതിനാൽ പുതിയ അപേക്ഷ സ്വീകരിക്കുന്നത് താൽക്കാലികമായി നി റുത്തിവച്ചിരിക്കുകയാണ്. ജൂലൈ അവസാനത്തോടുകൂടി പുതിയ അപേ ക്ഷകൾ സ്വീകരിച്ചുതുടങ്ങും. താലൂക്ക് സപ്ലൈ ഓഫീസിൽ കുടിശ്ശികയുള്ള എല്ലാ അപേക്ഷകളും സമയബന്ധിതമായി തീർപ്പുകൽപ്പിക്കാൻ ആവശ്യമായ അടിസ്ഥാനസൗകര്യങ്ങൾ എല്ലാ ഓഫീസുകളിലും ഏർപ്പെടുത്തിക്കഴിഞ്ഞു. കാർഡ് വിതരണം ത്വരിതപ്പെടുത്തുവാൻ സി-ഡിറ്റിന് നിർദ്ദേശം നൽകി യിട്ടുണ്ട്. 31-8-2010-നുമുമ്പായി മൊത്തം അപേക്ഷകളും തീർപ്പാക്കുന്നതി നുള്ള കർമ്മപരിപാടി തയ്യാറാക്കിയിട്ടുണ്ട്.

## സബ്മിഷൻ

### (1) <u>സി.ഡി. എസ്സ്-ന് എൻ.ആർ.എച്ച്.എം. ഫണ്ട്</u>

<u>ശ്രീ. പി.എം.എ. സലാം:</u> കോഴിക്കോട് മെഡിക്കൽകോളേജ് കാമ്പസിൽ ഇംഹാൻസിന്റെ ആഭിമുഖ്യത്തിലുള്ള ബുദ്ധിവികാസ പ്രശ്നമുള്ള

കുട്ടികൾക്കായി സമഗ്ര ചികിൽസയും പരിശീലനവും ലക്ഷ്യമിട്ട് പ്രവർത്തിക്കുന്ന സി.ഡി.എസ്സിന് എൻ.ആർ.എച്ച്.എം. ഫണ്ട് നിർത്തിവച്ചതുകൊണ്ടുണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രിക്കുവേണ്ടി വ്യവസായ വകുപ്പുമന്ത്രി (ശ്രീ. എളമരം കരീം): ഇംഹാൻസിന്റെ കീഴിലാരംഭിച്ച ചൈൽഡ് ഡെവലപ്മെന്റ് സർവ്വീസ് സമർപ്പിച്ച പ്രോജക്ടിന് ഈ വർഷം എൻ.ആർ.എച്ച്.എം. 13.6 ലക്ഷം രൂപ അനുവദിച്ചെങ്കിലും 6.75 ലക്ഷം രൂപ മാത്രമേ നൽകിയിട്ടുള്ളൂ. പ്രോജക്ടിന് കേന്ദ്ര ഗവൺമെന്റിന്റെ അംഗീകാരം ലഭിക്കാത്തതിനെത്തുടർന്ന് ബാക്കി തുക ലഭ്യമായില്ല. സി.ഡി.എസ്-ലെ താൽക്കാലിക ജീവനക്കാരുടെ ശമ്പളത്തിന് മാത്രമായി പ്രതിവർഷം 7.2 ലക്ഷം രൂപയാണ് ആവശ്യമായി വരുന്നത്. ഇതിന്റെ പ്രവർത്തനം മെച്ചപ്പെടുന്ന നിലയ്ക്ക് സാമ്പത്തിക സഹായം ലഭ്യമാക്കാനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

(2) ഷോക്കേറ്റ് മരണം

ശ്രീ. എം. മുരളി: 18-07-2010-ന് കായംകുളം പെരിങ്ങാലയിൽ വൈദ്യുതാഘാതമേറ്റ് മരിച്ച യോഹന്നാന്റെ കുടുംബത്തിന് അനുവദിച്ച 50,000 രൂപയുടെ നഷ്ടപരിഹാരം വർദ്ധിപ്പിക്കുന്നതിനും കുടുംബത്തിലെ ഒരംഗത്തിന് കെ.എസ്.ഇ.ബി.യിൽ ജോലി നൽകാനും നടപടി സ്വീകരിക്കുന്നതോടൊപ്പം അനാസ്ഥ കാണിച്ച കെ.എസ്.ഇ.ബി.യിലെ ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടി സ്വീകരിക്കുകയും ചെയ്യണം.

പിന്നോക്ക പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി (ശ്രീ. എ.കെ. ബാലൻ): 18-07-2010-ന് കായംകുളം പെരിങ്ങാലയിൽ യോഹന്നാൻ

വൈദ്യുതാഘാതമേറ്റ് മരണമടഞ്ഞതിനെക്കുറിച്ച് അന്വേഷിക്കാൻ ചുമതലപ്പെടുത്തിയ ആലപ്പുഴ ജില്ലാ ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കുറ്റക്കാരായവർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതാണ്. അപകടമരണത്തിന് നിലവിലുള്ള നിയമപ്രകാരം നൽകുന്ന നഷ്ടപരിഹാരത്തുക 50,000 രൂപയാണെങ്കിലും മരിച്ച യോഹന്നാന്റെ കുടുംബത്തിനുള്ള നഷ്ടപരിഹാരത്തുക വർദ്ധിപ്പിച്ചുനൽകണമെന്ന് കെ.എസ്.ഇ.ബി.ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. നിലവിലുള്ള നിയമപ്രകാരം ആശ്രിതനിയമനം പ്രായോഗികമല്ല.

(3) <u>നേഴ്സിംഗ് സ്ക്കൂളിലെ അടിസ്ഥാന സൗകര്യങ്ങൾ</u>

<u>ശ്രീ. കെ. ശിവദാസൻ നായർ</u>: ഇലന്തൂർ ഗവൺമെന്റ് സ്ക്കൂൾ ഓഫ് നേഴ്സിംഗിനും ഹോസ്റ്റലിനും വേണ്ടി പണിത പുതിയ കെട്ടിടത്തിൽ വൈദ്യുതി, വെള്ളം തുടങ്ങിയ അടിസ്ഥാനസൗകര്യങ്ങൾ ലഭ്യമാക്കാൻ നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രിക്കുവേണ്ടി വ്യവസായ വകുപ്പുമന്ത്രി (<u>ശ്രീ. എളമരം കരീം</u>): 2009-ൽ പൂർത്തീകരിച്ച ഇലന്തൂർ സാമൂഹികാരോഗ്യ കേന്ദ്രത്തിൽ ട്രാൻസ്ഫോർമർ ഉൾപ്പെടെയുള്ള സൗകര്യങ്ങൾക്കായി 33 സെന്റ് സ്ഥലം വാങ്ങുന്നതിനുള്ള ഭരണാനുമതി നൽകിക്കഴിഞ്ഞു. കെട്ടിടത്തിന്റെ വൈദ്യുതീകരണത്തിനാവശ്യമായ തുടർ നടപടി സ്വീകരിക്കുന്നതാണ്. ജലവിഭവ വകുപ്പിന്റെ പ്രൊപ്പോസൽ അംഗീകരിച്ചുകൊണ്ട് എൻ.ആർ.എച്ച്.എം ഫണ്ട് ഉപയോഗപ്പെടുത്തി ജലവിതരണം പൂർണ്ണതോതിലാക്കാനും സ്ഥാപനത്തിന് സ്ഥിര അംഗീകാരം ലഭ്യമാക്കുന്നതിനും

ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കുന്നതാണ്.

(4) <u>ചരിത്ര സ്മാരകം</u>

<u>ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ്</u>: വാസ്ക്കോഡഗാമ വന്നു താമസിച്ച ഫോർട്ട്കൊച്ചിയിലെ ഭവനം സാംസ്ക്കാരിക വകുപ്പ് ഏറ്റെടുത്ത് ചരിത്രസ്മാരകമായി സംരക്ഷിക്കാനും ബഡ്ജറ്റിൽ അനുവദിച്ച തുക പ്രയോജനപ്പെടുത്തി ആംഗ്ലോ ഇൻഡ്യൻ കൾച്ചറൽ സെന്റർ പ്രാവർത്തികമാക്കാനും നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രിക്കുവേണ്ടി വ്യവസായ വകുപ്പുമന്ത്രി (<u>ശ്രീ. എളമരം കരീം</u>) : വാസ്കോഡഗാമ താമസിച്ചിരുന്ന ചരിത്രപ്രാധാന്യമുള്ള ഭവനം ഇപ്പോൾ സ്വകാര്യ വ്യക്തിയുടെ ഉടമസ്ഥതയിലാണ്. ആംഗ്ലോ ഇൻഡ്യൻ സംസ്ക്കാരത്തിന്റെ തനിമ നിലനിറുത്തുന്നതിനും ആംഗ്ലോ ഇന്ത്യൻ കൾച്ചറൽ സെന്റർ നിർമ്മിക്കാനുംവേണ്ടി എം.എൽ.എ. ലഭ്യമാക്കിയ പ്രോജക്ട് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സാംസ്ക്കാരികകേന്ദ്രത്തിന് ഭരണാനുമതി നൽകുകയും പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകാൻ എറണാകുളം ജില്ലാകളക്ടറെ ചുമതലപ്പെടുത്തുകയും കഴിഞ്ഞ സാമ്പത്തികവർഷം 10 ലക്ഷം രൂപ അനുവദിക്കുകയും ചെയ്തെങ്കിലും പ്രവർത്തനം തുടങ്ങാൻ കഴിഞ്ഞില്ല. ഭരണസമിതി രൂപീകരിച്ച് പ്രവർത്തനം തുടങ്ങുന്ന മുറയ്ക്ക് ആവശ്യമായ സഹായം ലഭ്യമാക്കുന്നതാണ്.

(5) അനൂപ്, സുനിൽ എന്നിവരുടെ ദുരൂഹമരണം

ശ്രീ. പി. കെ. അബ്ദുറബ്ബ് : മലപ്പുറം ജില്ലയിലെ അരീക്കോട് പഞ്ചായത്തിലെ പട്ടികജാതിക്കാരായ അനൂപ്, സുനിൽ എന്നിവരുടെ ദുരൂഹമരണം സി. ബി. ഐ.-യെക്കൊണ്ട് അന്വേഷിപ്പിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രിക്കുവേണ്ടി വ്യവസായ വകുപ്പുമന്ത്രി (ശ്രീ. എളമരം കരീം) : അരീക്കോട് ചപ്പണ്ണത്തോട്ടിൽ നാഗൻകുട്ടിയുടെ മകൻ അനൂപിനെ 29-03-2010 -ന് വൈകിട്ട് നാലുമണിക്കുശേഷം കാണാതായ സംഭവത്തിൽ അരീക്കോട് പോലീസ് മാൻ മിസ്സിംഗ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തുകയുണ്ടായി. എന്നാൽ 01-04-2010-ന് അനൂപിന്റെ മൃതദേഹം ഖാലിദ് എന്ന ആളിന്റെ ആൾമറയില്ലാത്ത കിണറ്റിൽ കാണപ്പെട്ടു. പോസ്റ്റ്മോർട്ടം റിപ്പോർട്ടിൽ അനൂപ് വെള്ളത്തിൽ വീണ് മരണപ്പെട്ടതായിട്ടാണ് പറഞ്ഞിട്ടുള്ളത്. അനൂപിന്റെ മരണത്തിൽ ദുരൂഹതയുണ്ടെന്ന് ആരോപിച്ച് ബന്ധുക്കൾ പരാതിപ്പെട്ടതിനെത്തുടർന്ന് അരീക്കോട് പോലീസ് സബ് ഇൻസ്പെക്ടർ ഈ കേസ്സിന്റെ അന്വേഷണം ഊർജ്ജിതമായി നടത്തിവരികയാണ്. അനൂപിന്റെ അടുത്ത സുഹൃത്തും അയൽവാസിയുമായ സുനിൽ വീടിന് സമീപത്തുള്ള പ്ലാവിൽ 01-04-2010-ന് തൂങ്ങിമരിച്ച നിലയിൽ കാണപ്പെട്ടു. ഇത് സംബന്ധിച്ച് അരീക്കോട് പോലീസ് അസ്വാഭാവിക മരണത്തിന് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. പോസ്റ്റ്മോർട്ടം ചെയ്ത പോലീസ് സർജന്റെ മൊഴിയിൽ സുനിൽകുമാർ തൂങ്ങിമരിച്ചതാണെന്ന് അഭിപ്രായപ്പെട്ടിട്ടുണ്ട്. എന്നാൽ അനൂപിനെ കാണാതായതിലുള്ള

മനോവിഷമംമൂലം സുനിൽ ആത്മഹത്യ ചെയ്തതാണെന്ന് വെളിവായതിന്റെ അടിസ്ഥാനത്തിൽ കേസ്സിന്റെ അന്വേഷണം പൂർത്തിയാക്കി 24-04-2010-ന് കോടതിയിൽ മരണറിപ്പോർട്ട് നൽകിയിട്ടുണ്ട്. അനൂപിന്റെ മരണം മലപ്പുറം എസ്. പി. യുടെ നേതൃത്വത്തിൽ വിശദമായി അന്വേഷിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

(6) ആദിവാസികൾക്ക് ഭൂമി നൽകാൻ നടപടി

ശ്രീമതി ജെ. അരുന്ധതി : വാമനപുരം നിയോജകമണ്ഡലത്തിലെ നന്ദിയോട്, വിതുര പഞ്ചായത്തുകളിലെ പൊട്ടൻചിറ റവന്യൂ പുറമ്പോക്കുകളിൽ താമസിക്കുന്ന ഭൂരഹിതരായ ആദിവാസികൾക്ക് ഭൂമി ലഭ്യമാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ. പി. രാജേന്ദ്രൻ) : തിരുവനന്തപുരം ജില്ലയിൽ വനാവകാശനിയമപ്രകാരം 1475 ആദിവാസി കുടുംബങ്ങൾക്ക് കൈവശാവകാശ രേഖ നൽകുകയുണ്ടായി. 3765 അപേക്ഷകളിൽ കൈവശാവകാശ രേഖ വിതരണം ചെയ്യുന്ന നടപടികൾ ദ്രുതഗതിയിൽ പൂർത്തിയായിവരുന്നു. ഇതിൽ ആര്യനാട്, വിതുര, തൊളിക്കോട് വില്ലേജുകളിലെ ഗുണഭോക്താക്കൾക്ക് കൈവശാവകാശരേഖ വിതരണം 27-07-2010-ൽ നടത്താൻ തീരുമാനിച്ചിരിക്കുകയാണ്. ഇതിനുപുറമേ വിവാദത്തിൽപ്പെട്ട 386 ആദിവാസികൾക്ക് കൈവശാവകാശരേഖ നൽകിയിട്ടുണ്ട്. ഭൂരഹിതരായ ആദിവാസികൾക്ക് ഒരേക്കർ മുതൽ അഞ്ച് ഏക്കർ വരെ ഭൂമി വിതരണം ചെയ്യുന്നതിന്റെ ഭാഗമായി 16 ഗുണഭോക്താക്കളെ തെരഞ്ഞെടുത്ത് ലാന്റ് അസൈൻമെന്റ് പട്ടയവും മിച്ചഭൂമിയുടെ ഓർഡർ

ഓഫ് അസൈൻമെന്റും നൽകിയിട്ടുണ്ട്. നന്ദിയോട്, വിതുര പഞ്ചായത്തുകളിലെ ആദിവാസികൾ ഇതിലുൾപ്പെടുന്നില്ലെങ്കിൽ അവരുടെ അപേക്ഷകൂടി പരിഗണിക്കാനാവശ്യമായ നിർദ്ദേശം നൽകുന്നതാണ്.

(7) കുടി ഒഴിപ്പിച്ചവർക്ക് തൊഴിൽ ലഭ്യമാക്കൽ

ശ്രീ. എം. കെ. പ്രേംനാഥ് : ചവറ കെ. എം. എം. എൽ. കമ്പനിയുടെ ധാതുമണൽ ഖനനത്തിനുവേണ്ടി കുടിയൊഴിപ്പിക്കപ്പെട്ടവർക്ക് എത്രയും പെട്ടെന്ന് തൊഴിൽ ലഭ്യമാക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. എളമരം കരീം) : 1998–2000-ൽ പന്മന കടൽത്തീരത്ത് 23 ഏക്കർ സ്ഥലം അക്വയർ ചെയ്യുകയും സീ-വാഷിംഗ് ചെയ്ത് ധാതുമണൽ സംഭരിച്ച് കെ.എം.എം.എൽ.-ൽ എത്തിക്കുന്നതിന് കരാർ കൊടുക്കുകയും ചെയ്തു. വീടും സ്ഥലവും നഷ്ടപ്പെട്ട കുടുംബങ്ങളിൽനിന്ന് ഓരോരുത്തരെ ഉൾപ്പെടുത്തി പാനൽ തയ്യാറാക്കി 168 പേരെ പ്രസ്തുത മൈനിംഗ് സ്ഥലത്ത് ജോലിക്ക് നിയോഗിച്ചിട്ടുണ്ട്. പന്മന പ്രദേശത്ത് ബാക്കിയുള്ള സ്ഥലം ഏറ്റെടുക്കുന്നതിന് നെഗോഷ്യേറ്റഡ് പർച്ചേസ് പ്രകാരം 2003-ൽ നടപടി ആരംഭിച്ചു. 2006-ൽ ആ പ്രദേശത്തുണ്ടായ സംഘർഷത്തെത്തുടർന്ന് 21-09-2006-ൽ വ്യവസായ-ജലവിഭവ വകുപ്പുമന്ത്രിമാരുടെ സാന്നിദ്ധ്യത്തിൽ ചേർന്ന യോഗത്തിൽ പുതുതായി ഏറ്റെടുത്ത സ്ഥലത്ത് മൈനിംഗ് തുടങ്ങുമ്പോൾ കോൺട്രാക്ടർക്കാവശ്യമായ തൊഴിലാളികളെക്കൂടി ചില വ്യവസ്ഥകൾക്കനുസൃതമായി നിയോഗിക്കാൻ തീരുമാനിച്ചു. പ്രസ്തുത വ്യവസ്ഥപ്രകാരം ഈ ആനുകൂല്യത്തിന് മുൻകാല പ്രാബല്യമുണ്ടായിരിക്കുന്നതല്ല. ഇപ്പോൾ കടലിൽനിന്നും

മണ്ണടിച്ചുകയറുന്നത് പരിമിതമായതിനാൽ സീ-വാഷിംഗ് എന്ന പ്രവൃത്തി തന്നെ നിറുത്തിവയ്ക്കേണ്ട സഹചര്യമാണുള്ളത്. വീടും സ്ഥലവും നഷ്ട പ്പെട്ടവരെ കമ്പനിയുടെ പ്രിഫറൻഷ്യൽ കാറ്റഗറിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. നിയമനത്തിനായി അവർക്ക് കമ്പനിയിൽ നേരിട്ട് അപേക്ഷ സമർപ്പിക്കാവുന്ന താണ്.

(8) ലയങ്ങളുടെ ശോചനീയാവസ്ഥ

ശ്രീമതി ഇ.എസ്. ബിജിമോൾ: പീരുമേട് നിയോജകമണ്ഡലത്തിൽ ഉടമകൾ ഉപേക്ഷിച്ചുപോയ തോട്ടങ്ങളിലെ ലയങ്ങൾ നന്നാക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ): പീരുമേട് നിയോജക മണ്ഡലത്തിലെ അടഞ്ഞുകിടന്ന തോട്ടങ്ങളിലെ തൊഴിലാളികളുടെ ദയനീയ സ്ഥിതി മനസ്സിലാക്കി ഓരോ വീടിനും 5000 രൂപ കണക്കാക്കി 2000 വീടുകളുടെ മെയിന്റനൻസിനുവേണ്ടി ഒരു കോടി രൂപ റവന്യൂ ഡിപ്പാർട്ട്മെന്റിൽ നിന്ന് നൽകിയിട്ടുണ്ട്. ഇനിയുള്ള ലയങ്ങളുടെ മെയിന്റനൻസിന് എത്ര തുക വേണ്ടിവരുമെന്ന് കണക്കാക്കി റിപ്പോർട്ട് നൽകുന്നതിനായി ജില്ലാകളക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് മെയിന്റനൻസ് നടത്താനാവശ്യമായ തുക അടുത്ത ആഴ്ച തന്നെ അനുവദിക്കുന്നതാണ്.

(9) അഴീക്കൽ തുറമുഖ വികസനം

ശ്രീ. എം. പ്രകാശൻ മാസ്റ്റർ: അഴീക്കൽ തുറമുഖത്ത് നടന്നുകൊണ്ടിരി ക്കുന്ന വികസന പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുന്ന തിനും ഇത് സംബന്ധിച്ച് വിശദമായ റിപ്പോർട്ട് തയ്യാറാക്കുന്നതിനുമായി

നിയോഗിക്കപ്പെട്ട ഡിലോയ്റ്റ് ഇൻഡ്യ പ്രൈവറ്റ് ലിമിറ്റഡ് സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എത്രയുംവേഗം ഗ്ലോബൽ ടെണ്ടർ വിളിക്കുന്നതിനും അടിയന്തിരമായി കാർഗോ ഷിപ്പ് കൊണ്ടുവരുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കണം.

നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രിക്കുവേണ്ടി വ്യവസായ വകുപ്പുമന്ത്രി (ശ്രീ എളമരം കരീം): അഴീക്കൽ തുറമുഖത്ത് പുതിയ വാർഫിന്റെ നിർമ്മാണപ്രവർത്തനം പൂർത്തിയായി വരുന്നു. അഴിമുഖം മുതൽ വാർഫ് വരെ ക്യാപ്പിറ്റൽ ഡ്രെഡ്ജിംഗ് നടത്തിയാൽ മാത്രമേ വലിയ കപ്പലുകൾക്ക് ചരക്കുഗതാഗതം സുഗമമായി നടത്താൻ സാധിക്കുകയുള്ളൂ എന്നതുകൊണ്ടാണ് സ്വകാര്യ പങ്കാളിത്തത്തോടെ തുറമുഖം വികസിപ്പിക്കാൻ തീരുമാനിച്ചത്. സ്വകാര്യ സംരംഭകരെ കണ്ടെത്തുന്നതിനും വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനുമായി കൺസൾട്ടന്റായി നിയോഗിച്ച ഡിലോയ്റ്റ് ഇൻഡ്യ പ്രൈവറ്റ് ലിമിറ്റഡ് സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഗ്ലോബൽ ടെണ്ടർ 2010 ജൂലായ് 27-ന് പ്രസിദ്ധീകരിക്കും. ചീമേനിയിൽ തുടങ്ങുന്ന തെർമൽ പവർ പ്ലാന്റിനാവശ്യമായ കൽക്കരി കൊണ്ടുവരുന്നതിനുള്ള ടെർമിനലും ജനറൽ കാർഗോയ്ക്ക് പുറമേ നിർമ്മാണമേഖലയിൽ വർദ്ധിച്ചുവരുന്ന ആവശ്യം കണക്കിലെടുത്തുകൊണ്ട് പ്രത്യേക സിമന്റ് ടെർനിമലും ഈ പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുണ്ട്. തുറമുഖത്ത് റോഡ്, റെയിൽ ബന്ധം സ്ഥാപിക്കുന്നതിനും തുറമുഖ വികസനത്തിനുമാവശ്യമായ സ്ഥലം ലാന്റ് അക്വിസിഷൻ വഴി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. 5 കോടി രൂപയിലധികമുള്ള ആധുനിക മൊബൈൽ റേഞ്ച് സൗകര്യം ലഭ്യമാക്കി

യിട്ടുണ്ട്. ഈ വർഷം ആരംഭിക്കുന്ന കോസ്റ്റൽ ഷിപ്പിംഗിൽ അഴീക്കൽ തുറമുഖം പ്രധാന പങ്ക് വഹിക്കുന്നു. അഴീക്കൽ തുറമുഖം പ്രവർത്തനസജ്ജ മാകുന്നതോടുകൂടി വടക്കൻ കേരളത്തിന്റെ ചരക്ക് ഗതാഗതാവശ്യങ്ങളും ലക്ഷദ്വീപുൾപ്പെടെ വടക്കൻ ദ്വീപുകളിലേയ്ക്കുള്ള ചരക്ക് ഗതാഗതാവ ശ്യങ്ങളും നിറവേറ്റാൻ കഴിയുന്നതാണ്.

## റിപ്പോർട്ട് സമർപ്പണം

(1) കാര്യോപദേശക സമിതിയുടെ മുപ്പത്തി നാലാമത് റിപ്പോർട്ട് സമർപ്പി ച്ചു.

(2) 2010-ലെ കേരള ധനകാര്യ ബില്ലിനെ സംബന്ധിക്കുന്ന സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് സമർപ്പിച്ചു.

## റിപ്പോർട്ട് പരിഗണന

കാര്യോപദേശക സമിതിയുടെ മുപ്പത്തി നാലാമത് റിപ്പോർട്ട് അംഗീകരിച്ചു.

## അനൗദ്യോഗികാംഗങ്ങളുടെ കാര്യം

(1) അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ ഇരുപത്തിയേഴാമത് റിപ്പോർട്ട്

അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ ഇരുത്തിയേഴാമത് റിപ്പോർട്ട് സഭ അംഗീകരിച്ചു.

(2) സാമാന്യമായി പൊതുതാൽപ്പര്യമുള്ള സംഗതികൾ സംബന്ധിച്ച പ്രമേയങ്ങൾ

ഹൈസ്ക്കൂളുകളിൽ പ്ലസ് ടു ആരംഭിക്കാൻ നടപടി

(ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി നോട്ടീസ് നൽകിയത്)

(തുടർ ചർച്ച)

<u>ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി</u>: ഈ പ്രമേയം അവതരിപ്പിച്ചതിനെ തുടർന്ന് കുറേയധികം പ്ലസ് ടൂ സ്ക്കൂളുകൾ അനുവദിക്കുകയും കുറേ യധികം സീറ്റുകളുണ്ടാവുകയും ചെയ്തെങ്കിലും അവ ആവശ്യത്തിന് തികയില്ല. പോളിടെക്നിക്കുകൾ പോലെയുള്ള സ്ഥാപനങ്ങളിലെ സെലക്ഷൻ സ്റ്റേറ്റ് അടിസ്ഥാനത്തിലായതിനാൽ ആ സീറ്റുകൾ കൂടി കണക്കുക്കൂട്ടി ഇവിടെയുള്ള സീറ്റുകളുടെ എണ്ണം വർദ്ധിപ്പിക്കണം. മലബാറിന്റെ പിന്നോ ക്കാവസ്ഥയ്ക്ക് പ്രധാന കാരണമായ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അഭാവം പരിഹരിക്കാൻ ശ്രമിച്ചത് യു.ഡി.എഫ്. സർക്കാരുകളുടെ കാലത്താണ്. എൽ.ഡി.എഫ്. സർക്കാർ മലബാർ മേഖലയോട് അവഗണന കാണിച്ചതുകൊ ണ്ടാണ് ആ മേഖലയിൽ പ്ളസ് ടു സീറ്റുകളുടെ എണ്ണം കുറഞ്ഞത്. യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് വിദ്യാഭ്യാസമേഖലയിൽ നടപ്പാക്കിയ 'വിജയഭേരി' പോലുള്ള പദ്ധതികളുടെ ഫലമായിട്ടാണ് എസ്.എസ്.എൽ.സി. യുടെ വിജയശതമാനം വർദ്ധിക്കാനിടയായതും പ്ലസ് ടുവിന് കൂടുതൽ സീറ്റു കൾ ഇപ്പോൾ ആവശ്യമായി വരികയും ചെയ്തത്. സംസ്ഥാനത്തെ എല്ലാ ഹൈസ്ക്കൂളുകളിലും പ്ലസ് ടു കോഴ്സുകൾ അനുവദിക്കണം. പിന്നോക്ക ജില്ലകൾക്ക് പ്രത്യേക പരിഗണന നൽകണം. വിദ്യാഭ്യാസ അവകാശ നിയമം സംസ്ഥാനത്ത് നിലവിൽവരുമ്പോൾ എൽ.പി. സ്കൂളുകളിൽ 1 മുതൽ 5 വരെയുള്ള ക്ലാസ്സുകളും യു.പി. സ്കൂളുകളിൽ 6 മുതൽ 8 വരെയുള്ള ക്ലാസ്സു കളും ഹൈസ്ക്കൂളുകളിൽ 9-ഉം 10-ഉം ക്ലാസ്സുകളും ഉൾപ്പെടുത്തിക്കൊ ണ്ടുള്ള മാറ്റം വരും. ഹൈസ്ക്കൂളുകളിൽ നിന്ന് 8-ാം ക്ലാസ്സ് മാറ്റുമ്പോൾ പ്ലസ് ടു ഇല്ലാത്ത ഹൈസ്ക്കൂളുകൾക്ക് നിലനിൽക്കാൻ ബുദ്ധിമുട്ടുണ്ടാ കുകയും അദ്ധ്യാപകരുടെ എണ്ണം കുറയുകയും ചെയ്യുന്ന അവസ്ഥ സംജാത

മാകുന്നതുകൊണ്ടാണ് സംസ്ഥാനത്തെ എല്ലാ ഹൈസ്ക്കൂളുകളിലും പ്ളസ് ടു അനുവദിക്കണമെന്നുള്ള ആവശ്യത്തിന് പ്രസക്തി ഏറുന്നത്. 178 സ്ക്കൂളുകളിൽ പ്ലസ് ടു അനുവദിച്ചെങ്കിലും മലപ്പുറം ജില്ലയോട് സർക്കാർ വിവേചനം കാണിച്ചിരിക്കുകയാണ്. മലപ്പുറം ജില്ലയിൽ എസ്.എസ്.എൽ.സി പാസ്സായ മുഴുവൻ കുട്ടികൾക്കും ഹയർ സെക്കണ്ടറി പ്രവേശനം ലഭിക്കുവാൻ കൂടുതൽ പ്ലസ്ടു സീറ്റുകളും വയനാട് പ്രവർത്തിക്കുന്ന മുസ്ലീം ഓർഫനേജ് ഹൈസ്ക്കൂളിൽ അടിയന്തിരമായി പ്ലസ് ടു കോഴ്സും അനുവദിക്കാൻ നടപടി സ്വീകരിക്കണം.

<u>ശ്രീ. സി. ടി. അഹമ്മദ് അലി</u> : പ്രമേയത്തെ പിന്താങ്ങുന്നു. യു.ഡി.എഫ്. ഗവൺമെന്റ് മലബാറിന്റെ പിന്നോക്കാവസ്ഥയ്ക്ക് പരിഹാരമെന്ന നിലയ്ക്ക് കൂടുതൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ അനുവദിക്കുകയുണ്ടായി. മലബാർ മേഖലയിലെ 178 സ്ക്കൂളുകളിൽ ഹയർ സെക്കണ്ടറി സ്ക്കൂളുകൾ അനുവദിച്ചുകൊണ്ട് 22000-ത്തിലധികം വിദ്യാർത്ഥികൾക്ക് പ്ലസ് വൺ പ്രവേശനം ലഭ്യമാക്കിയതുകൊണ്ടൊന്നും മലബാറിലെ പ്രശ്നങ്ങൾ അവസാനിക്കില്ല. ശരിയായ സർവ്വേ നടത്തി 178 ഹയർ സെക്കണ്ടറി സ്ക്കൂളുകൾക്ക് അനുവദിച്ചിട്ടുള്ള കോഴ്സുകളുടെ എണ്ണം രണ്ട് എന്നുള്ളത് മൂന്നോ നാലോ ആയി വർദ്ധിപ്പിക്കണം. ഏകജാലകം വഴി സീറ്റ് ലഭിച്ചിട്ടുള്ള അധികം കുട്ടികൾക്കും ദൂരസ്ഥലത്തുള്ള സ്ക്കൂളുകളിൽ പഠിക്കേണ്ട സ്ഥിതിയാണുണ്ടായിട്ടുള്ളത്. പുതിയ കോഴ്സുകൾ അനുവദിച്ചുകൊണ്ട് വിദ്യാർത്ഥികൾക്ക് വീടിനടുത്തുള്ള സ്ക്കൂളുകളിൽ പഠിക്കാനുള്ള സാഹചര്യം ഒരുക്കണം. മൊഗ്രാൽ പുത്തൂർ പഞ്ചായത്തിലെ ടെക്നിക്കൽ ഹൈസ്ക്കൂൾ ടെക്നിക്കൽ ഹയർ

സെക്കണ്ടറി സ്ക്കൂളായി ഉയർത്താനാവശ്യമായ നടപടി സ്വീകരിക്കണം. കുട്ടികളുടെ ഗതാഗതപ്രശ്നം പരിഹരിക്കുന്നതിന് സ്റ്റുഡന്റ്സ് ഒൺലി ബസുകൾ ഓടിക്കണം. പാഠപുസ്തകങ്ങൾ അടിയന്തിരമായി എത്തിക്കാനും ആവശ്യമുള്ള സ്ക്കൂളുകളിൽ അധ്യാപകരേയും ഹെഡ്മാസ്റ്ററേയും നിയമിക്കാനുമാവശ്യമായ നടപടിയുണ്ടാകണം. ലോകബാങ്കിന്റെ സഹായത്തോടെ സ്ക്കൂളുകളിലെ ഭൗതികസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനാവശ്യമായ നടപടിയുണ്ടാകണം. ഗ്രാമപ്രദേശത്തെ പാവപ്പെട്ട കുട്ടികൾ ആശ്രയിക്കുന്ന എം.ജി.എൽ.സി. സ്ക്കൂളുകൾ എൽ.പി. സ്ക്കൂളുകളാക്കി മാറ്റാൻ നടപടി സ്വീകരിക്കണം.

ശ്രീ. വി. ശശികുമാർ: മലബാർ മേഖലയിൽ 178 സ്ക്കൂളുകളിൽ പ്ലസ് ടു അനുവദിച്ച സർക്കാരിനെ അഭിനന്ദിക്കുന്നതിനുപകരം സംസ്ഥാനത്തെ എല്ലാ ഹൈസ്ക്കൂളുകളിലും പ്ലസ് ടു കോഴ്സ് ആരംഭിക്കാൻ നടപടി സ്വീകരിക്കണമെന്ന പ്രമേയം കൊണ്ടുവന്നത് ഖേദകരമാണ്. ഇനി എവിടെയെങ്കിലും പ്ലസ് ടു സൗകര്യം ഒരുക്കേണ്ടതുണ്ടെങ്കിൽ സർക്കാരിന്റെ സാമ്പത്തികനില പരിഗണിച്ചുകൊണ്ട് അത് പരിഹരിക്കണം. പ്ലസ് ടു അനുവദിച്ച സ്ക്കൂളുകളിലെ പശ്ചാത്തലസൗകര്യം ഉറപ്പു വരുത്തിക്കൊണ്ടു മാത്രമേ പുതിയ പ്ലസ് ടു അനുവദിക്കാൻ പാടുള്ളൂ. കേരളത്തിലെ എല്ലാ സർക്കാർ ഹൈസ്ക്കൂളുകളിലുമാണ് ആദ്യം പ്ലസ് ടു അനുവദിച്ചത്. സർക്കാർ സ്ക്കൂളുകളില്ലാത്ത പഞ്ചായത്തുകളിൽ ഒരു സ്ക്കൂളിലെങ്കിലും പ്ലസ് ടു ഉണ്ടെന്ന് ഉറപ്പുവരുത്താനുള്ള സമീപനം അഭിനന്ദനാർഹമാണ്. കഴിഞ്ഞകാല യു.ഡി.എഫ് സർക്കാരുകൾ മലബാർമേഖലയിൽ സ്വകാര്യ-സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടങ്ങാനുള്ള അനുവാദമാണ് നൽകി

യിരുന്നതെങ്കിൽ, എൽ.ഡി.എഫ്. ഗവൺമെന്റ് സർക്കാർ സ്ക്കൂളുകൾക്കും പൊതുവിദ്യാഭ്യാസ സ്ഥാപനങ്ങൾക്കുമാണ് പ്രാമുഖ്യം നൽകിയത്. കേന്ദ്ര സർക്കാർ അനുവദിച്ച സെൻട്രൽ യൂണിവേഴ്സിറ്റി, മലപ്പുറം അലിഗഡ് മുസ്ലീം സർവ്വകലാശാല എന്നിവ നടപ്പിലാക്കാനുള്ള തീരുമാനം മലബാറിന്റെ പിന്നോക്കാവസ്ഥയ്ക്ക് പരിഹാരം കാണാൻ സഹായിക്കുന്നതാണ്. മലബാറിലെ പൊതുവായ പിന്നോക്കാവസ്ഥയ്ക്ക് പരിഹാരം കാണാൻ ഏതാണ്ട് 3000 കോടി രൂപയുടെ മലബാർ പാക്കേജിന് രൂപം നൽകിയിട്ടുണ്ട്. കെ.എസ്.ആർ.ടി.സി. മേഖലയിൽ മലബാർ സർവീസ് ആരംഭിക്കുന്നതിനും സാധിച്ചു. പ്ലസ് ടു ക്ലാസുകൾ ഉടനടി ആരംഭിക്കാനും പ്ലസ് ടു അനുവദിച്ച സ്കൂളുകളിൽ വിദ്യാർത്ഥി പ്രവേശനവും അദ്ധ്യാപക നിയമനവുമായി ബന്ധപ്പെട്ട് അഴിമതി ഉണ്ടാകാതിരിക്കാനും ശക്തമായ നടപടി സ്വീകരിക്കണം.

<u>ശ്രീ. എം. കെ. പ്രേംനാഥ്</u> : പ്രമേയത്തെ അനുകൂലിക്കുന്നു. സ്വാതന്ത്ര്യലബ്ധിക്ക് നിസ്തുലമായ പങ്ക് വഹിച്ചിട്ടുള്ള മലബാർ മേഖല സ്വാതന്ത്ര്യാനന്തരം വിദ്യാഭ്യാസ-അടിസ്ഥാന വികസനകാര്യങ്ങളിൽ വളരെ പിന്നിലായിരുന്നു. ക്രിസ്ത്യൻ മിഷണറിമാരുടേയും മറ്റും മഹത്തായ സംഭാവനകൾ കാരണം മലബാർ മേഖലയിലും സ്ക്കൂളുകളും കോളേജുകളും ഉണ്ടായിട്ടുണ്ട്. എന്നാൽ വയനാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് തുടങ്ങിയ ജില്ലകളിലെ വിദ്യാർത്ഥികളുടെ അനുപാതത്തിനനുസരിച്ച് സ്ക്കൂളുകളും കോളേജുകളും അനുവദിക്കാൻ ഗവൺമെന്റിന് ഇതുവരെ കഴിഞ്ഞിട്ടില്ല. മലബാർ മേഖലയിലെ പ്രത്യേക പരിതസ്ഥിതി കണക്കിലെടുത്ത് വിദ്യാർത്ഥികളുടെ ആവശ്യത്തിനനുസരിച്ച് വിദ്യാഭ്യാസ സ്ഥാപ

നങ്ങൾ അനുവദിക്കാൻ നടപടിയുണ്ടാകണം. ഈ മേഖലയിൽ കൂടുതൽ ടെക്നിക്കൽ സ്കൂളുകൾ അനുവദിക്കുന്നതിനും കോഴിക്കോട് മെഡിക്കൽ കോളേജിലെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും നടപടി സ്വീകരിക്കണം. റോഡ് വികസനം ഉൾപ്പെടെ മറ്റ് അടിസ്ഥാന വികസനകാര്യങ്ങളിൽ പരമാവധി ശ്രദ്ധ ചെലുത്തണം.

ശ്രീ. പള്ളിപ്രം ബാലൻ : ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനു ശേഷം പ്ളസ് ടു അനുവദിക്കുന്ന കാര്യത്തിൽ മലബാർ മേഖലയ്ക്ക് പരിഗണന നൽകിയിട്ടുണ്ട്. കാസർഗോഡ്പോലുള്ള പിന്നോക്ക ജില്ലകൾക്ക് അർഹമായ പ്രാധാന്യത്തോടെ പ്ലസ് ടു അനുവദിച്ച ഗവൺമെന്റാണിത്. വിദ്യാഭ്യാസ മേഖലയെ ഇനിയും ഉയർത്തിക്കൊണ്ടുവരുന്നതിനുള്ള നടപടി കളുമായിട്ടാണ് ഗവൺമെന്റ് മുന്നോട്ടുപോകുന്നത്. കാസർഗോഡ് ജില്ല ഇപ്പോഴും വിദ്യാഭ്യാസമേഖലയിൽ വേണ്ടത്ര പുരോഗതി കൈവരിച്ചിട്ടില്ല. വിദ്യാഭ്യാസമേഖലയിലും വികസനപ്രവർത്തനങ്ങളിലുമെല്ലാം വളരെയേറെ പിന്നോക്കം നിൽക്കുന്ന കാസർഗോഡ് ജില്ലയിൽ ഉന്നത വിദ്യാഭ്യാസമേഖല യിൽ കൂടുതൽ കോളേജുകളും പുതിയ കോഴ്സുകളും അനുവദിക്കുന്ന തിനും യാത്രാ സൗകര്യം വർദ്ധിപ്പിക്കുന്നതിനും വിദ്യാഭ്യാസ പിന്നോക്കാ വസ്ഥ പരിഹരിക്കുന്നതിനും നടപടി സ്വീകരിക്കണം.

ശ്രീ. എ.പി. അബ്ദുള്ളക്കുട്ടി: പ്രമേയത്തെ അനുകൂലിക്കുന്നു. മലബാറിലെ ഉന്നത വിദ്യാഭ്യാസരംഗത്തെ പിന്നോക്കാവസ്ഥ പരിഹരിക്കാൻ 178 സ്ക്കൂളുകൾ അനുവദിച്ച ഗവൺമെന്റ് നടപടിയെ അഭിനന്ദിക്കുകയാണ്. അതിനാവശ്യമായ അടിസ്ഥാനസൗകര്യങ്ങൾ ഒരുക്കുന്നതിനും മറ്റുമായി യുദ്ധകാലാടിസ്ഥാനത്തിലുള്ള ഇടപെടൽ നടത്തണം. കേന്ദ്രസർക്കാരിന്റെ

ധനസഹായം ലഭ്യമാക്കി കേന്ദ്രീയ വിദ്യാലയങ്ങൾ ആരംഭിക്കുന്നതിന് ആവശ്യമായ സ്ഥലം ലഭ്യമാക്കണം. കണ്ണൂർ ജില്ലയിൽ പെരിങ്ങോത്തും നേവൽ അക്കാഡമിയുടെ സ്ഥലത്തും ആരംഭിക്കുന്ന കേന്ദ്രീയ വിദ്യാലയ ങ്ങൾക്ക് ആവശ്യമായ സൗകര്യങ്ങൾ സംസ്ഥാന ഗവൺമെന്റ് ലഭ്യമാക്കണം. മലബാർ എഡ്യൂക്കേഷൻ ട്രസ്റ്റിന്റെ ആഭിമുഖ്യത്തിൽ വിദ്യാഭ്യാസ മാഫിയ നടത്തുന്ന പ്രവർത്തനങ്ങളെ സംബന്ധിച്ച് അന്വേഷണം നടത്താൻ തയ്യാറാക ണം. ലക്ഷങ്ങൾ കൈക്കൂലി വാങ്ങി നിയമിക്കുന്ന അദ്ധ്യാപകരെ സ്ഥിരപ്പെടു ത്താതെ വീണ്ടും അദ്ധ്യാപകരെ നിയമിക്കുന്ന നടപടി അപലപനീയമാണ്. മലബാർ എഡ്യൂക്കേഷൻ ട്രസ്റ്റിന്റെ പേരിൽ ഉയർന്നുവന്ന പരാതികൾക്കെ തിരെ നടപടിയെടുക്കാൻ തയ്യാറാകാതെ അവർക്ക് പ്ലസ് ടൂ കോഴ്സ് ആരംഭി ക്കുന്നതിന് അനുവാദം കൊടുത്തത് ന്യായീകരിക്കത്തക്കതല്ല. സംസ്ഥാനത്ത് മലബാർ ഉൾപ്പെടെ വിദ്യാഭ്യാസരംഗത്തെ പിന്നോക്കാവസ്ഥ പരിഹരിക്കുന്ന തിന് ഗവൺമെന്റ്/സ്വകാര്യനിക്ഷേപങ്ങൾ വർദ്ധിപ്പിക്കാൻ നടപടി സ്വീകരി ക്കണം.

നിയമവും പാർലമെന്ററി കാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ): ഈ പ്രമേയത്തിന്റെ സ്പിരിറ്റ് പൂർണ്ണമായി ഉൾക്കൊണ്ടുകൊണ്ടാണ് സർക്കാർ മുന്നോട്ടുപോകുന്നത്. മലബാറിന്റെ പിന്നോക്കാവസ്ഥയ്ക്ക് ശാശ്വതപരി ഹാരം കാണുന്നതിന് നടപടികൾ സ്വീകരിച്ചത് ഈ ഗവണ്മെന്റാണ്. ഈ ഒരു കാഴ്ചപ്പാടോടെയാണ് സെൻട്രൽ യൂണിവേഴ്സിറ്റി കാസർഗോഡ് ജില്ല യിലും അലിഗഢ് സർവ്വകലാശാലയുടെ ഓഫ് ക്യാമ്പസ് മലപ്പുറത്തും സ്ഥാപിക്കാൻ തീരുമാനിച്ചിട്ടുള്ളത്. മലബാർ മേഖലയിൽ പ്ലസ് ടൂ വിദ്യാഭ്യാസം പൂർണ്ണതോതിലാക്കാനുള്ള നടപടികളാണ് ഇപ്പോൾ സ്വീകരി

ച്ചുവരുന്നത്. ഹയർ സെക്കണ്ടറി, വൊക്കേഷണൽ ഹയർ സെക്കണ്ടറി, ഐ.ടി.സി. തുടങ്ങിയ കോഴ്സുകൾ ഇല്ലാത്ത സ്ഥലങ്ങളിൽ പുതിയതായി ആരംഭിച്ച് എസ്.എസ്.എൽ.സി.ക്കുശേഷം ഉപരിപഠനത്തിന് സംസ്ഥാ നത്തിനകത്തു തന്നെ സൗകര്യമേർപ്പെടുത്തുന്നതിനാണ് ഗവൺമെന്റ് ഉദ്ദേശി ക്കുന്നത്. ഹയർ സെക്കണ്ടറി ഇല്ലാത്ത പഞ്ചായത്തുകളിൽ ഹയർ സെക്കണ്ടറി സ്ക്കൂളുകൾ അനുവദിക്കണമെന്ന നയത്തിന്റെ ഭാഗമായി 2008-ൽതന്നെ പാലക്കാട് വരെയുള്ള ജില്ലകളിൽ ഹയർ സെക്കണ്ടറി പഠന ത്തിന് സ്ക്കൂളുകളും സീറ്റുകളും ഗണ്യമായി വർദ്ധിപ്പിച്ചു. തൃശ്ശൂർ മുതൽ കാസർഗോഡ് വരെയുള്ള ജില്ലകളിൽ 178 സ്ക്കൂളുകളിൽ ഹയർ സെക്കണ്ടറി അനുവദിക്കാൻ തീരുമാനിച്ചു. അതുകൊണ്ട് ഈ പ്രമേയം പിൻവലിക്ക ണമെന്ന് അഭ്യർത്ഥിക്കുന്നു.

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി അവതരിപ്പിച്ച പ്രമേയം 13 വോട്ടു കൾക്കെതിരെ 23 വോട്ടുകളോടെ സഭ നിരാകരിച്ചു.

(2) <u>വിദ്യാഭ്യാസ അവകാശ നിയമം</u>

<u>ശ്രീ. എം.എം. മോനായി</u>: "വിദ്യാഭ്യാസ അവകാശനിയമം നടപ്പാക്കുന്ന തിന്റെ ഭാഗമായി സംസ്ഥാന ഗവൺമെന്റിന് അധികമായി വരുന്ന ചെലവ് പൂർണ്ണമായും കേന്ദ്രസർക്കാർ വഹിക്കണമെന്ന് ഈ സഭ കേന്ദ്രസർക്കാരി നോട് ആവശ്യപ്പെടുന്നു" എന്ന പ്രമേയം അവതരിപ്പിക്കുന്നു.

<u>ശ്രീ. എം. ചന്ദ്രൻ:</u> പ്രമേയത്തെ പിന്താങ്ങുന്നു.

<u>ശ്രീ. എം.എം. മോനായി</u>: കേന്ദ്രം കൊണ്ടുവന്നിരിക്കുന്ന വിദ്യാഭ്യാസ അവകാശ നിയമം പുരോഗമനപരമായ ഒരു നിയമമാണ്. എന്നാൽ പ്രസ്തുത നിയമം അതേരീതിയിൽ കേരളത്തിൽ നടപ്പാക്കുമ്പോൾ അത് സംസ്ഥാനത്ത്

നിലവിലുള്ള വിദ്യാഭ്യാസനയത്തെ പ്രതികൂലമായി ബാധിക്കും. കേരളത്തിന്റെ വിദ്യാഭ്യാസമേഖലയ്ക്കടിസ്ഥാനം വിദ്യാഭ്യാസ നിയമവും ഭൂപരിഷ്ക്കരണ നിയമവുമാണ്. ഒരു നൂറ്റാണ്ടിന്റെ സാർവ്വത്രിക വിദ്യാഭ്യാസം കേരളത്തിൽ യാഥാർത്ഥ്യമാക്കിയ വിദ്യാഭ്യാസ നിയമത്തിലെ സാമൂഹിക-അക്കാദമിക് ആശയങ്ങളാണ് അരനൂറ്റാണ്ടുകൾക്കുശേഷം കേന്ദ്ര ഗവൺമെന്റ് പരിഷ്ക്കരിക്കാൻ ശ്രമിക്കുന്നത്. കേരളത്തിൽ 16017 വിദ്യാലയങ്ങളാണുള്ളത്. കേന്ദ്രഗവൺമെന്റിന്റെ പുതിയ നിയമത്തിൽ നിഷ്ക്കർഷിക്കുന്ന കാര്യങ്ങൾ സംസ്ഥാന ഗവൺമെന്റ് വർഷങ്ങൾക്കുമുമ്പ് നടപ്പിലാക്കിയിട്ടുള്ളതാണ്. ഔപചാരിക വിദ്യാഭ്യാസത്തിലൂടെയാണ് കേരളം മുന്നോട്ടു പോയിട്ടുള്ളതെങ്കിൽ അനൗപചാരിക വിദ്യാഭ്യാസനയമാണ് കേന്ദ്രഗവൺമെന്റ് ഈ നിയമത്തിലൂടെ നടപ്പിലാക്കാൻ പോകുന്നത്. കേന്ദ്ര നിയമമനുസരിച്ച് 8-ാം ക്ലാസ്സുവരെയുള്ള കുട്ടികൾക്ക് വിദ്യാഭ്യാസം നൽകുന്നതിന് വരുന്ന അധികച്ചെലവിന്റെ 75 ശതമാനമാണ് സംസ്ഥാനങ്ങൾക്ക് നൽകുന്നത്. വിദ്യാഭ്യാസരംഗത്ത് കാര്യമായി മുതൽമുടക്കിയിട്ടില്ലാത്ത അന്യസംസ്ഥാനങ്ങൾക്ക് വൻ ആനുകൂല്യം കേന്ദ്ര സർക്കാർ നൽകുമ്പോൾ ഈ രംഗത്ത് കോടിക്കണക്കിന് രൂപ മുതൽമുടക്കിയിട്ടുള്ള കേരളത്തിന് ഈ നിയമം നടപ്പിലാക്കുമ്പോഴുണ്ടാകുന്ന അധികച്ചെലവ് മുഴുവനും വഹിക്കാൻ കേന്ദ്ര സർക്കാർ തയ്യാറാകണം. കേന്ദ്ര നിയമപ്രകാരം സ്കൂൾ പ്രവേശനത്തിനുള്ള പ്രായം മാറ്റുന്നത് കേരളത്തെ സംബന്ധിച്ചിടത്തോളം ബുദ്ധിമുട്ടുണ്ടാക്കുന്നതാണ്. നൈബർഹുഡ് സ്ക്കൂളുകൾ സ്ഥാപിക്കാനുള്ള ഉത്തരവാദിത്വം തദ്ദേശഭരണ സ്ഥാപനങ്ങൾക്കും ഗവൺമെന്റിനുമാണ്. ഫ്രീ ആന്റ് കമ്പൽസറി എഡ്യുക്കേഷൻ എന്ന ഉത്തരവാദിത്വം അൺ-എയ്ഡഡ്

സ്ക്കൂളുകൾക്കില്ല എന്നുള്ളതാണ് കേന്ദ്ര നിയമത്തിലെ അപാകത. ഈ നിയമം നടപ്പിലാക്കുന്നതിന്റെ ഫലമായി 20000 അദ്ധ്യാപകരെ മാറ്റിനിർത്തേണ്ടിവരികയും അതിൽ 5000 അദ്ധ്യാപകർക്ക് പ്രൊട്ടക്ഷൻ കൊടുക്കേണ്ടിവരികയും ചെയ്യും. ഒന്നാം ക്ലാസ്സിൽ ഒരുവർഷം ശൂന്യതയുണ്ടാവുകയും ഇത് 12-ാം ക്ലാസ്സ് വരെ വ്യാപിക്കുകയും 13000 അദ്ധ്യാപകരുടെ ജോലി ഒരു വർഷം നഷ്ടപ്പെടുന്ന അവസ്ഥ സംജാതമാവുകയും ആറായിരത്തോളം പ്രൈമറി സ്ക്കൂൾ ഹെഡ്മാസ്റ്റർ തസ്തിക ഇല്ലാതാകുകയും ചെയ്യും. ഭരണഘടനപ്രകാരം വിദ്യാഭ്യാസം മൗലികാവകാശമാണെങ്കിലും ഇതുവരെ പൂർണ്ണമായി നടപ്പിലാക്കാൻ സാധിച്ചിട്ടില്ല. ഒരു നിയമം പാസായി എന്നുള്ളതുകൊണ്ടുമാത്രം വിദ്യാഭ്യാസം സാർവ്വത്രികമാക്കാൻ സാധിക്കില്ല. വിദ്യാഭ്യാസമേഖലയിൽ കേരളം നടത്തിയിട്ടുള്ള സാമൂഹ്യമായിട്ടുള്ള ഇടപെടലുകളെയും കൈവരിച്ചിട്ടുള്ള നേട്ടങ്ങളേയും തിരസ്ക്കരിക്കുന്നതായിരിക്കരുത് ഈ നിയമം. വിദ്യാഭ്യാസ അവകാശ നിയമം കേരളത്തിൽ നടപ്പിലാക്കുമ്പോൾ അതിന് വേണ്ടിവരുന്ന അധികബാധ്യതയുടെ നൂറുശതമാനവും കേന്ദ്ര ഗവൺമെന്റ് വഹിക്കണമെന്ന് ആവശ്യപ്പെടുന്നു.

<u>ശ്രീ. എം. പ്രകാശൻ മാസ്റ്റർ</u>: പ്രമേയത്തെ പിന്താങ്ങുന്നു. കേന്ദ്ര ഗവൺമെന്റിന്റെ വിദ്യാഭ്യാസ അവകാശ നിയമം 2010 ഏപ്രിൽ 1 മുതൽ രാജ്യത്താകമാനം നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്. ആറ് വയസ് വരെയുള്ള കുട്ടികളുടെ വിദ്യാഭ്യാസം പൂർണ്ണമായി സർക്കാരിന്റെ ബാധ്യതയാണെന്ന് ഭരണഘടന പറയുമ്പോൾ ആറ് വയസ് മുതലുള്ളവരെ മാത്രമേ പരിഗണിക്കുകയുള്ളൂ എന്ന് പുതിയ നിയമത്തിൽ പറയുന്നത് ഭരണഘടനാലംഘനമാണ് പ്രീപ്രൈമറി മുതൽ ഹയർ സെക്കണ്ടറിതലംവരെ സൗജന്യവും

സാർവ്വത്രികവും നിർബ്ബന്ധിതവുമായ വിദ്യാഭ്യാസം നടപ്പിലാക്കുന്നതിനാണ് ഗവൺമെന്റ് സന്നദ്ധമാകേണ്ടത്. ഉയർന്ന സാക്ഷരതാ നിരക്കിലും വിദ്യാർത്ഥികളുടെ ഉയർന്ന നിരക്കിലുള്ള എൻറോൾമെന്റിലും പെൺകുട്ടികളുടേയും എസ്.സി./എസ്.ടി. വിഭാഗത്തിൽപ്പെടുന്നവരുടേയും പഠന ശതമാനത്തിലും കൊഴിഞ്ഞുപോകുന്ന വിദ്യാർത്ഥികളുടെ നിരക്കിലുള്ള കുറവിലും വലിയ മുന്നേറ്റമുണ്ടാക്കിയിട്ടുള്ള കേരളത്തിന്റെ സവിശേഷമായ സാഹചര്യത്തെ പരിഗണിക്കുന്ന രൂപത്തിലല്ല കേന്ദ്ര ഗവൺമെന്റ് ഈ നിയമം കൊണ്ടുവന്നിട്ടുള്ളത്. സൗജന്യ വിദ്യാഭ്യാസത്തിന്റെ പൂർണ്ണമായ ചുമതല സംസ്ഥാന ഗവൺമെന്റിന്റേയും പ്രാദേശിക ഭരണസ്ഥാപനങ്ങളുടേയും മേൽ അടിച്ചേൽപ്പിക്കുന്ന പ്രവണത ഫെഡറൽ സംവിധാനത്തിന് യോജിച്ചതല്ല. അൺ-എയ്ഡഡ് സ്ഥാപനങ്ങൾ വ്യാപകമായി ആരംഭിക്കാനും അവിടെ പഠിക്കുന്ന കുട്ടികളുടെ ഫീസിന്റെ 25 ശതമാനം സംസ്ഥാന ഖജനാവിൽ നിന്ന് കൊടുക്കാനുമാണ് ഈ നിയമത്തിൽ നിർദ്ദേശിക്കുന്നത്. ഇത് അൺ-എയ്ഡഡ് വിദ്യാഭ്യാസ കച്ചവടക്കാരെ സഹായിക്കുന്നതിനുവേണ്ടിയാണെന്ന് വ്യക്തമാണ്. വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പശ്ചാത്തല സൗകര്യങ്ങളുടെ കാര്യത്തിൽ വലിയ മുന്നേറ്റമുണ്ടാക്കിയിട്ടുള്ള സംസ്ഥാനമാണ് കേരളം. ഈ നിയമം നടപ്പിലാക്കുന്നതുവഴി ഉണ്ടാകുന്ന അധികബാധ്യത സംസ്ഥാന ഗവൺമെന്റിനും ക്രെഡിറ്റ് കേന്ദ്ര ഗവൺമെന്റിനുമാണ് എന്ന സ്ഥിതിയാണുള്ളത്. പ്രീ-പ്രൈമറി വിദ്യാഭ്യാസത്തിന്റെ ചുമതലയാകെ ഈ നിയമംവഴി സംസ്ഥാന ഗവൺമെന്റിന്റെമേൽ അടിച്ചേൽപ്പിക്കുകയാണ്. കേരളത്തിൽ 5 വയസ് പൂർത്തിയാകുന്ന കുട്ടികളെ സ്ക്കൂളിൽ ചേർക്കുമ്പോൾ സ്ക്കൂൾ വിദ്യാഭ്യാസം ആരംഭിക്കാൻ 6 വയസ് പൂർത്തിയാകണമെ

ന്നാണ് നിയമത്തിൽ പറയുന്നത്. അങ്ങനെ വരുമ്പോൾ ഇനിയുള്ള 12 വർഷക്കാലം കേരളത്തിൽ ഓരോ ക്ലാസിനും ഒരു വർഷത്തെ ഇടവേള കൊടുക്കേണ്ട അവസ്ഥ വരും. ഇപ്പോൾ പഠിപ്പിച്ചുകൊണ്ടിരിക്കുന്ന അദ്ധ്യാപകർക്ക് യോഗ്യതയില്ലെങ്കിൽ വരുന്ന 5 വർഷംകൊണ്ട് ജോലിക്ക് വേണ്ടിയുള്ള പഠനം നടത്തണമെന്നാണ് നിയമത്തിൽ പറയുന്നത്. കേരളത്തിലെ വിദ്യാർത്ഥി-അദ്ധ്യാപക അനുപാതം 1:26 ആണ്. അത് 1:40-ൽ കൂടാൻ പാടില്ലെന്ന് പറയുന്നത് കേരളത്തിന് ഗുണകരമാവില്ല. ഒരു സ്ക്കൂളിൽ 150 കുട്ടികളുണ്ടെങ്കിൽ മാത്രമേ ഹെഡ്മാസ്റ്റർമാരുണ്ടാകാവൂ എന്നുപറയുന്നതും ശരിയല്ല. ഏറ്റവുമധികം തുക വിദ്യാഭ്യാസമേഖലയ്ക്ക് വേണ്ടി നീക്കിവയ്ക്കുന്ന കേരളം ഇതിലേയ്ക്കായി ഇനിയും കൂടുതൽ തുക നീക്കിവയ്ക്കണമെന്ന് പറയുന്നത് ന്യായമല്ല.

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: പ്രമേയത്തെ എതിർക്കുന്നു. രാജ്യത്തെ ഒരു കോടിയോളം കുട്ടികൾ പഠനത്തിനായി കലാലയങ്ങളിൽ എത്തിയിട്ടില്ല എന്നതുകൊണ്ടാണ് കേന്ദ്ര ഗവൺമെന്റ് ഇങ്ങനെയൊരു നിയമം കൊണ്ടുവന്നിട്ടുള്ളത്. സംസ്ഥാനത്ത് ഈ നിയമം അടിച്ചേൽപ്പിക്കുന്നു എന്നുപറയുന്നത് ശരിയല്ല. ഈ നിയമം സംസ്ഥാനത്ത് നടപ്പിലാക്കാനായി വ്യക്തമായ വ്യവസ്ഥകളുണ്ടാക്കാനുള്ള അധികാരം സംസ്ഥാനങ്ങൾക്ക് ഈ നിയമത്തിലൂടെ നൽകുന്നുണ്ട്. ഒരു എൽ.പി. സ്ക്കൂൾ വിദ്യാർത്ഥിക്ക് ഒരു കിലോമീറ്ററിനുള്ളിലും യു.പി. സ്ക്കൂൾ വിദ്യാർത്ഥിക്ക് രണ്ട് കിലോമീറ്ററിനുള്ളിലും നൈബർഹുഡ് സ്ക്കൂളുകൾ സ്റ്റേറ്റ് ഗവൺമെന്റും ലോക്കൽ ബോഡീസും സ്ഥാപിക്കണമെന്ന് പറയുന്നുണ്ടെങ്കിലും അതിന് സാധിച്ചില്ലെങ്കിൽ തൊട്ടടുത്ത അൺ-എയ്ഡഡ്

സ്ക്കൂളിൽ 25 ശതമാനം സീറ്റ് പാവപ്പെട്ടവന് സംവരണം ചെയ്യണമെന്ന് പറയുന്നുണ്ട്. അങ്ങനെ സ്ക്കൂളുകൾ സ്ഥാപിക്കാത്തിടത്തോളം കാലം മാനേജ്മെന്റിന്റെ ഫീസാണോ സ്റ്റേറ്റ് ഗവൺമെന്റിന്റെ ഫീസാണോ ഏതാണോ കുറവ് അത് അടയ്ക്കണമെന്നാണ് നിയമത്തിൽ പറയുന്നത്. സ്റ്റേറ്റ് ഗവൺമെന്റുമായി കൺസൾട്ടേഷൻ നടത്തിക്കൊണ്ടാണ് ഇതിന്റെ വിഹിതം എങ്ങനെ കണ്ടെത്തണമെന്നും ഉപയോഗപ്പെടുത്തണമെന്നും തീരുമാനിക്കേണ്ടത്. കൃത്യമായ മാനദണ്ഡങ്ങൾ എല്ലാ കാര്യങ്ങളിലും വ്യക്തമാക്കപ്പെട്ടിട്ടുണ്ടെങ്കിലും തെറ്റിദ്ധാരണ പരത്തുന്ന രീതിയിലുള്ള പ്രചരണമാണ് നടത്തിക്കൊണ്ടിരിക്കുന്നത്. ക്ലാസ്റൂമിലെ സ്ട്രെങ്ത് 1:40/1:50 എന്നത് മാറ്റി 1:30 ആക്കുമ്പോൾ അദ്ധ്യാപകരുടെ എണ്ണത്തിൽ വർദ്ധനവു ണ്ടാകും. ഇൻഡ്യയിലെ മറ്റ് സംസ്ഥാനങ്ങൾ അവരുടെ പ്രൊപ്പോസൽ കേന്ദ്ര ഗവൺമെന്റിന് ഇതിനോടകം സമർപ്പിച്ചുകഴിഞ്ഞു. സംസ്ഥാന സർക്കാരിന്റെ ഇന്നത്തെ ചിന്താഗതിയിൽ മാറ്റം വരുത്തിക്കൊണ്ട് ഇതിന്റെ സാധ്യത കണ്ടറി ഞ്ഞുകൊണ്ട് എത്രയുംപെട്ടെന്ന് ഈ നിയമം നടപ്പാക്കാനുള്ള നടപടി സ്വീക രിക്കണം.

<u>ശ്രീ. കെ. രാജു</u>: വിദ്യാഭ്യാസ അവകാശം സാർവ്വത്രികവും സൗജന്യവുമാക്കുന്നതോടൊപ്പം ഭരണഘടനയിൽ മൗലികാവകാശമാക്കി മാറ്റണം. കേന്ദ്ര നിയമത്തിൽ പറഞ്ഞിട്ടുള്ള കാര്യങ്ങളെ സംബന്ധിച്ച് സംസ്ഥാന സർക്കാരുകളുമായി ആലോചിച്ച് സംസ്ഥാനങ്ങൾക്കനുസൃതമായ മാറ്റത്തോടെ നിയമനിർമ്മാണം നടത്തണം. അൺ-എയ്ഡഡ് സ്ക്കൂളു കൾക്ക് യാതൊരു നിയന്ത്രണവും ഏർപ്പെടുത്താതെ പ്രോത്സാഹിപ്പിക്കുന്ന

നിലപാടാണ് ദേശീയ വിദ്യാഭ്യാസ അവകാശ നിയമത്തിൽ കേന്ദ്ര സർക്കാർ സ്വീകരിച്ചിട്ടുള്ളത്.

ശ്രീ. പി.സി. വിഷ്ണുനാഥ്: താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

പ്രമേയത്തിലെ വാചകത്തിൽ "നടപ്പാക്കുന്നതിന്റെ ഭാഗമായി" എന്നതിന് പകരം "സംസ്ഥാനത്ത് ദേശീയ വിദ്യാഭ്യാസ അവകാശ നിയമം അടിയന്തിരമായി നടപ്പിലാക്കണം" എന്ന വാക്കുകൾ ചേർക്കുക.

ദേശീയ വിദ്യാഭ്യാസനിയമം സംസ്ഥാനത്ത് നടപ്പിലാക്കുമ്പോൾ ഉണ്ടാകുന്ന സാമ്പത്തിക ബാധ്യതയെ നേരിടുന്നതിനുവേണ്ടിയാണ് കേന്ദ്ര സർക്കാർ ഈ വർഷത്തെ ബഡ്ജറ്റിൽ 25,000 കോടി രൂപയും ധനകാര്യ കമ്മീഷന്റെ വിഹിതമായി 15,000 കോടി രൂപയും എസ്.എസ്.എ.യിൽ 66,000 കോടി രൂപയും വകയിരുത്തിയിട്ടുള്ളത്. സംസ്ഥാന സർക്കാർ നിയോഗിച്ച ജെയിംസ് വർഗ്ഗീസ് കമ്മിറ്റി ഇതിനുവേണ്ടി 9,200 കോടി രൂപ സംസ്ഥാന സർക്കാരിന് അർഹതപ്പെട്ടതാണെന്ന് കാണിച്ച് കൊടുത്ത റിപ്പോർട്ട് പരിഗണിക്കാതെ മറ്റൊരു കമ്മിറ്റിയെ നിയോഗിച്ചത് സംസ്ഥാനത്ത് ദേശീയ വിദ്യാഭ്യാസ അവകാശ നിയമം നടപ്പിലാക്കാൻ ഈ സർക്കാർ ഉദ്ദേശിക്കുന്നില്ല എന്നുള്ളതിന് തെളിവാണ്. അദ്ധ്യാപക-വിദ്യാർത്ഥി അനുപാതം 1:45 എന്നുള്ളത് മാറ്റണമെന്ന സംസ്ഥാനത്തിന്റെ പൊതു ആവശ്യം അംഗീകരിക്കുകയും നിയമത്തിൽ അത് എൽ.പി.യിൽ 1:30 ആയും യു.പി.യിൽ 1:35 ആയും മാറ്റിയിരിക്കുകയുമാണ്. മാറിയ സിലബസിനനുസരിച്ച് സ്ക്കൂളുകളിലെ അന്തരീക്ഷം മാറണം. കേന്ദ്ര

വിദ്യാഭ്യാസ അവകാശ നിയമം സംസ്ഥാനത്ത് അടിയന്തിരമായി നടപ്പിലാക്കണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രിക്കുവേണ്ടി നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ): കേന്ദ്ര വിദ്യാഭ്യാസ അവകാശ നിയമം ദേശീയതലത്തിൽ നോക്കുമ്പോൾ ഒട്ടേറെ നല്ലകാര്യങ്ങൾക്ക് വിധേയമാകുമെങ്കിലും സംസ്ഥാനത്ത് പ്രാവർത്തികമാക്കുമ്പോൾ ചില പ്രായോഗിക ബുദ്ധിമുട്ടുകളുണ്ടാകും. അതിനാൽ സംസ്ഥാനത്തിനനുസൃതമായ രൂപത്തിലുള്ള മാറ്റംവരുത്തേണ്ടത് ആവശ്യമാണ്. സംസ്ഥാനത്ത് 2010 ഏപ്രിൽ 1 മുതൽ നിയമം നടപ്പിലാക്കുന്നതിനുവേണ്ടി നിയോഗിച്ച കമ്മിറ്റിയുടെ റിപ്പോർട്ട് ലഭിച്ചപ്പോഴാണ് ഇതിനകത്തുള്ള ഗൗരവാവസ്ഥ സർക്കാരിന് ബോധ്യമായത്. സംസ്ഥാനം പൊതുവിദ്യാഭ്യാസരംഗത്ത് കൈവരിച്ച നേട്ടങ്ങളെ അംഗീകരിച്ച് സഹായിക്കുന്നതിനുപകരം ശിക്ഷയായിട്ടാണ് ഈ നിയമം വന്നിരിക്കുന്നത്. കൂടുതൽ സാമ്പത്തിക ബാധ്യതയാണ് ഇതുമൂലം സംസ്ഥാനത്തിനുണ്ടാകുന്നത്. സ്ക്കൂൾ പ്രവേശനപ്രായം 6 വയസ്സാക്കണമെന്നാണ് കേന്ദ്ര നിയമത്തിൽ പറയുന്നതെങ്കിൽ സംസ്ഥാനത്ത് ഇപ്പോൾ അത് 5 വയസ്സാണ്. 1 മുതൽ 4 വരെയുള്ള ക്ലാസ്സുകൾ സംസ്ഥാനത്ത് എൽ.പി. വിഭാഗത്തിലും 8-ാം ക്ലാസ് ഹൈസ്ക്കൂൾ തലത്തിലുമാണ് വരുന്നതെങ്കിൽ കേന്ദ്ര നിയമത്തിൽ പറയുന്നതനുസരിച്ച് 1 മുതൽ 5 വരെയുള്ള ക്ലാസ്സുകൾ എൽ.പി. വിഭാഗത്തിലും 6 മുതൽ 8 വരെയുള്ള ക്ലാസ്സുകൾ എലിമെന്ററി വിദ്യാഭ്യാസത്തിലുമാണ് വരുന്നത്.

സംസ്ഥാനത്ത് സ്ക്കൂളുകളിൽ കുട്ടികളെ ചേർക്കുന്നതിന് ജനന സർട്ടിഫിക്കറ്റിന്റെ ആവശ്യമില്ലെന്നാണ് കേന്ദ്ര നിയമത്തിൽ പറയുന്നത്. കെ.ഇ.ആർ. അനുസരിച്ച് ഒരു ഡിവിഷന് ഒരു അദ്ധ്യാപകനാണ് അനുവദിച്ചിട്ടുള്ളത്. ഈ നിയമപ്രകാരം ഒരു ഡിവിഷന് രണ്ടും മൂന്നും അദ്ധ്യാപകരാണ് വേണ്ടത്. അൺ-എയ്ഡഡ് സ്ക്കൂളുകളിൽ 25 ശതമാനം സംവരണം ഏർപ്പെടുത്തുമ്പോൾ അതിനുവേണ്ടി വരുന്ന ഭാരിച്ച സാമ്പത്തിക ബാധ്യത ആരുവഹിക്കുമെന്നുള്ള കാര്യത്തിൽ യാതൊരു വ്യക്തതയുമില്ല. കേന്ദ്ര വിദ്യാഭ്യാസ അവകാശനിയമം മുന്നോട്ടുവച്ച ലക്ഷ്യങ്ങൾ ഇതിനകം നേടിയെടുത്ത കാര്യങ്ങൾക്കായി സംസ്ഥാനം നടത്തിയിട്ടുള്ള നിക്ഷേപം കണക്കാക്കി പ്രസ്തുത നിക്ഷേപത്തിന് തുല്യമായ തുക ഗുണമേന്മാ വിദ്യാഭ്യാസം ശക്തിപ്പെടുത്തുന്നതിനാവശ്യമായ പദ്ധതികൾക്ക് നൽകണമെന്നുള്ളതാണ് കേരളത്തിന്റെ നിരന്തരമായ ആവശ്യം. പുതിയ വിദ്യാലയ സ്ഥാപനങ്ങൾ, അദ്ധ്യാപകരുടെ നിയമനം, അടിസ്ഥാന സൗകര്യമൊരുക്കൽ തുടങ്ങിയ കേന്ദ്ര വിദ്യാഭ്യാസ അവകാശ നിയമത്തിൽ പറയുന്ന കാര്യങ്ങൾ ചെയ്യുന്നതിന് സംസ്ഥാനത്തിന് 5000 കോടി രൂപയോളം അധിക ചെലവുവരും. ഈ തുക സംസ്ഥാന സർക്കാരിന് മാത്രമായി വഹിക്കാൻ കഴിയാത്ത അവസ്ഥയാണുള്ളത്. ഈ പശ്ചാത്തലത്തിലാണ് വിദ്യാഭ്യാസ അവകാശ നിയമം പാലിക്കുക എന്നത് ഭരണഘടനാപരമായ ബാധ്യതയായതിനാൽ ഇത് നിറവേറ്റാനാവശ്യമായ അധികബാധ്യത കേന്ദ്ര സർക്കാർ പൂർണ്ണമായി വഹിക്കേണ്ടതാണ് എന്നുമുള്ള ആവശ്യം ഉയർന്നുവന്നിട്ടുള്ളത്. ഇത് സംസ്ഥാനത്തിന്റെ പൊതു താൽപര്യമാണ്.

<u>ശ്രീ. കെ. ശിവദാസൻ നായർ</u>: താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

2. (i) "നടപ്പാക്കുന്നതിന്റെ ഭാഗമായി" എന്നതിന് പകരം "സംസ്ഥാനത്ത് അടിയന്തിരമായി നടപ്പിലാക്കാൻ നടപടി സ്വീകരിക്കണമെന്നും ഇതിനുവേണ്ടി" എന്ന വാക്കുകൾ ചേർക്കുക.

(ii) "പൂർണ്ണമായും" എന്നതിന് പകരം "അമ്പതു ശതമാനം" എന്ന വാക്കുകൾ ചേർക്കുക.

വിദ്യാഭ്യാസം ഭരണഘടനയുടെ കൺകറന്റ് ലിസ്റ്റിലുള്ള കാര്യമാണ്. സംസ്ഥാന സർക്കാർ സംസ്ഥാനത്തിന്റെ ഭാഗവും നിറവേറ്റണം.

ശ്രീ. കെ. ശിവദാസൻ നായർ അവതരിപ്പിച്ച ഭേദഗതി 12-നെതിരെ 24 വോട്ടുകളോടെ സഭ നിരാകരിച്ചു.

ശ്രീ. എം. എം. മോനായി അവതരിപ്പിച്ച പ്രമേയം അംഗീകരിക്കണമെന്ന പ്രശ്നം 12-നെതിരെ 24 വോട്ടുകളോടെ സഭ അംഗീകരിക്കുകയും പ്രമേയം പാസ്സാക്കുകയും ചെയ്തു.

സഭ ഉച്ചയ്ക്കുശേഷം 12.30-ന് പിരിഞ്ഞു.

-----------